**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1090** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എത്ര കോടി രൂപയുടെ ജല ജീവൻ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 44,714.79 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്<br><br>ജില്ലതിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃതമാണോ; എങ്കിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. 10% ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. കൂടാതെ, ഉത്തരവ് നമ്പർ സ.ഉ(കൈ)നം. 37/2020/ജ.വി.വ. തീയതി 8/6/2020 പ്രകാരം ഗ്രാമപഞ്ചായത്തുകൾ 15% വിഹിതവും വഹിക്കേണ്ടതാണ്. |
| (സി) | ഇതുവരെ എത്ര കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകളുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും ജില്ലാ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ഇതിനായി ഇതുവരെ കേന്ദ്രത്തിൽ നിന്ന് കിട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര സർക്കാരിൽ നിന്ന് ഇതു വരെ 4,635.64 കോടി രൂപ കിട്ടിയിട്ടുണ്ട്. |
| (ഇ) | പൂർത്തീകരിച്ച അല്ലെങ്കിൽ ബില്ല് എഴുതിയ പ്രവൃത്തികൾക്ക് കരാറുകാർക്കു എത്ര രൂപ കൊടുത്തുവെന്നും ഇനി എത്ര രൂപ കൊടുക്കാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (എഫ്) | കുടിശ്ശികയുണ്ടെങ്കിൽ ചെയ്തു തീർത്ത പ്രവൃത്തികൾക്കു കരാറുകാർക്കു പണം നൽകാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; കേന്ദ്രവിഹിതം കിട്ടാത്തതാണോ കാരണമെന്ന് വിശദമാക്കാമോ; | (എഫ്) | കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ജൽ ജീവൻ സ്കീം മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഫണ്ട് നല്കുന്ന മുറക്കാണ് കരാറുകാർക്ക് പണം നൽകുന്നത്. ജൽ ജീവൻ സ്കീം മാർഗ്ഗനിർദ്ദേശം |

| | | | |
|---|---|---|---|
| | | | അനുസരിച്ച് സംസ്ഥാന സർക്കാരിൽ നിന്നുള്ള 327.76 കോടി രൂപ ഉടനെ നല്കുന്നതാണ്. |
| (ജി) | ജല ജീവൻ പദ്ധതിക്കായി കേന്ദ്രം നൽകിയ ഫണ്ട് മറ്റു ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ജി) | ജല ജീവൻ പദ്ധതിക്കായി കേന്ദ്രം നൽകിയ ഫണ്ട് മറ്റു ആവശ്യങ്ങൾക്കായി വക മാറ്റി ചിലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നം. | ജില്ല | ഭരണാനുമതിതുക (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 3,051.11 |
| 2 | കൊല്ലം | 2,405.57 |
| 3 | പത്തനംതിട്ട | 2,947.95 |
| 4 | കോട്ടയം | 4,132.06 |
| 5 | ആലപ്പുഴ | 1,667.98 |
| 6 | ഇടുക്കി | 2,820.67 |
| 7 | എറണാകുളം | 2,716.91 |
| 8 | തൃശ്ശൂർ | 4,012.36 |
| 9 | പാലക്കാട് | 3,576.75 |
| 10 | മലപ്പുറം | 5,987.09 |
| 11 | കോഴിക്കോട് | 4,508.95 |
| 12 | വയനാട് | 1,294.76 |
| 13 | കണ്ണൂർ | 3,535.52 |
| 14 | കാസർഗോഡ് | 2,057.12 |
| | **ആകെ** | **44,714.79** |

**അനുബന്ധം 2**

**ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകളുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും ജില്ലാ തിരിച്ചുള്ള വിവരങ്ങൾ**

| ക്രമ നം. | ജില്ല | ഇതുവരെ ചെലവഴിച്ച തുക (കോടിയിൽ) | ഇതുവരെ നൽകിയ കണക്ഷനുകൾ | ഇതുവരെയുള്ള ആകെ ഗ്രാമീണ കണക്ഷനുകൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1027.77 | 254393 | 421180 |
| 2 | കൊല്ലം | 800.82 | 277652 | 425393 |
| 3 | പത്തനംതിട്ട | 459.51 | 74168 | 159094 |
| 4 | കോട്ടയം | 457.21 | 105124 | 215054 |
| 5 | ആലപ്പുഴ | 356.02 | 160147 | 355555 |
| 6 | ഇടുക്കി | 178.89 | 30359 | 88548 |
| 7 | എറണാകുളം | 464.89 | 133101 | 398351 |
| 8 | തൃശ്ശൂർ | 572.16 | 120887 | 299518 |
| 9 | പാലക്കാട് | 1242.74 | 217726 | 367382 |
| 10 | മലപ്പുറം | 1116.38 | 220297 | 363784 |
| 11 | കോഴിക്കോട് | 1089.54 | 112089 | 198394 |
| 12 | വയനാട് | 149.7 | 24184 | 66979 |
| 13 | കണ്ണൂർ | 795.88 | 153913 | 234447 |
| 14 | കാസർഗോഡ് | 154.56 | 37018 | 77159 |
|  | ആകെ | 8866.07 | 1921058 | 3670838 |

**അനുബന്ധം 3**

| **ക്രമ നം.** | **ജില്ല** | **ഇതുവരെ ചെലവഴിച്ച തുക (കോടിയിൽ)** | **ഇനി നല്കാൻ ഉള്ള തുക (കോടിയിൽ)** |
|---|---|---|---|
| 1 | തിരുവനന്തപുരം | 1,027.77 | 149.30 |
| 2 | കൊല്ലം | 800.82 | 81.98 |
| 3 | പത്തനംതിട്ട | 459.51 | 130.80 |
| 4 | കോട്ടയം | 457.21 | 70.18 |
| 5 | ആലപ്പുഴ | 356.02 | 27.40 |
| 6 | ഇടുക്കി | 178.89 | 64.86 |
| 7 | എറണാകുളം | 464.89 | 98.90 |
| 8 | തൃശ്ശൂർ | 572.16 | 220.03 |
| 9 | പാലക്കാട് | 1,242.74 | 201.24 |
| 10 | മലപ്പുറം | 1,116.38 | 309.04 |
| 11 | കോഴിക്കോട് | 1,089.54 | 388.29 |
| 12 | വയനാട് | 149.70 | 101.07 |
| 13 | കണ്ണൂർ | 795.88 | 129.41 |
| 14 | കാസർഗോഡ് | 154.56 | 69.02 |
| | **ആകെ** | **8,866.07** | **2,041.52** |